## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1232

11 .02.2016-ൽ
മറുപടിയ്ക്ക്

## ' പൊതുജനസമ്പർക്ക പരിപാടി'

**ചോദ്യം**
ശ്രീമതി. കെ. കെ. ലതിക

**മറുപടി**
**ശ്രീ. അടൂർ പ്രകാശ്**
**റവന്യൂവും കയറും വകുപ്പ് മന്ത്രി**

| ചോദ്യം | മറുപടി |
|---|---|
| (എ) മുഖ്യമന്ത്രിയുടെ പൊതുജനസമ്പർക്ക പരിപാടിയിൽ സംസ്ഥാനത്ത് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രഖ്യാപനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കാമോ; | (എ) മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയിൽ നടത്തിയ പ്രഖ്യാപനങ്ങളിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പുതിയ പദ്ധതികൾ, ചുവടെ ചേർക്കുന്നു;-<br>1. ആലപ്പാട് സ്പെഷ്യൽ പാക്കേജ് -21 കോടിയുടെ പ്രത്യേക പദ്ധതി (കൊല്ലം ജില്ല).<br>2. പുഴ മുതൽ പുഴ വരെ പദ്ധതി (മലപ്പുറം ജില്ല) |
| (ബി) ബഡ്ജറ്റ് പ്രഖ്യാപനങ്ങളിൽ ഉൾപ്പെടാത്ത എത്ര പദ്ധതികൾ ഇവയിൽ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ഇവയുടെ നടത്തിപ്പിന് ആവശ്യമായ തുക ഉപധനാഭ്യർത്ഥനയിലൂടെ പാസ്സാക്കുകയുണ്ടായിട്ടുണ്ടോ; | (ബി) ഈ പദ്ധതികൾ ബഡ്ജറ്റ് പ്രഖ്യാപനങ്ങളിൽ ഉൾപ്പെട്ടിട്ടില്ലാത്തതും ഉപധനാഭ്യർത്ഥനയിലൂടെ തുക പാസ്സാക്കിയിട്ടില്ലാത്തതുമാണ്. |
| (സി) പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ ഇനിയും നടപ്പിലാക്കാനും പൂർത്തീകരിക്കാനും സാധിക്കാത്തവയായി എത്ര പദ്ധതികൾ ഉണ്ട്; വിശദാംശങ്ങൾ നൽകാമോ? | (സി) പദ്ധതികളെല്ലാം നടപടികൾ ആരംഭിച്ച് വിവിധ ഘട്ടങ്ങളിൽ ഇരിക്കുന്നവയാണ്. |

സെക്ഷൻ ഓഫീസർ